LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര മണ്ഡലത്തിലെ വികസന പദ്ധതികൾ

266(967) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. വരവൂർ നെല്ലിക്കുന്ന് കോളനിയിൽ സമഗ്രപട്ടികജാതി ഗ്രാമം പദ്ധതി

2. ചേലക്കര ഏഴരക്കുന്ന് അംബേദ്കർ കോളനിയിൽ സമഗ്ര പട്ടികജാതി ഗ്രാമം പദ്ധതി.

3. കോർപ്പസ് ഫണ്ട് ശിർഷകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 23 പദ്ധതികൾ (അനുബന്ധമായി ചേർക്കുന്നു.)

(ബി) 1. വരവൂർ നെല്ലിക്കുന്ന് കോളനിയിൽ 65 ലക്ഷം രൂപ ചെലവഴിച്ചു.

2. ഏഴരക്കുന്ന് കോളനിയിൽ പ്രാഥമിക നടപടികൾ ആരംഭിച്ചു നിർമ്മാണം ആരംഭിച്ചിട്ടില്ല.

3. 23 പദ്ധതികൾക്കായി 1,89,393,08 രൂപ ചെലവഴിച്ചു.

ചടയമംഗലം നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

267(968) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മുതൽ 2015 ഡിസംബർ വരെ പട്ടികജാതി വകുപ്പ് മുഖാന്തരം എത്ര വികസന പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 1. വിവാഹ ധനസഹായം

2. പി. സി. ആർ. ആക്ട് - മിശ്രവിവാഹ ധനസഹായം

3. അയ്യങ്കാളി സ്കോളർഷിപ്പ്

4. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം

5. ഭവന നിർമ്മാണ ധനസഹായം

6. ദുർബ്ബലവിഭാഗങ്ങൾക്കുള്ള ധനസഹായം

7. വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

8. പാരലൽ കോളേജ്&ഐ.ടി.ഐ. വിദ്യാർത്ഥികൾക്കുള്ള ധനസഹായം

9. സ്വയംതൊഴിൽ പദ്ധതി

10. ടോയ്ലറ്റ് നിർമ്മാണ ധനസഹായം

11. പ്രോത്സാഹന സമ്മാനം

12. ഭവന പുനരുദ്ധാരണം

13. ചികിത്സാധനസഹായം

14. പ്രൈമറി ധനസഹായം

15. വിദ്യായാത്ര (സൈക്കിൾ വിതരണം)

16. ലംപ്സം ഗ്രാന്റ്

17. സ്വയംപര്യാപ്ത ഗ്രാമം

18. വിജ്ഞാൻവാടി എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനം

268(969) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെയാണ്എന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly